"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

**കേരള സർക്കാർ**

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. ജീവൻ എസ്. നെ സേവനത്തിൽ പുനഃപ്രവേശിപ്പിച്ച് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 2170/2018-ന്മേലുള്ള 14.02.2019-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.815/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 06/04/2019**

പരാമർശം:- 1 തിരുവനന്തപുരം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 16.07.2018-ലെ സി4-811/2018 നമ്പർ കത്ത്

2 സ.ഉ.(സാധാ) നം.2607/2018/തസ്വഭവ തീയതി 10.10.2018

3 ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ. 2170/2018-ന്മേലുള്ള 14.02.2019-ലെ വിധിന്യായം

4 പഞ്ചായത്ത് ഡയറക്ടറുടെ 29.03.2019-ലെ PAN/24153/2018-D3(DP) നമ്പർ കത്തും ഉള്ളടക്കം ചെയ്തിട്ടുള്ള ശ്രീജീവൻ.എസ്.ന്റെ 19/3/2019ലെ അപേക്ഷയും

## ഉത്തരവ്

തിരുവനന്തപുരം ജില്ലയിലെ കാട്ടാക്കട ഗ്രാമപഞ്ചായത്തിലെ കെ.ജി.കെ.പി. ഹാൾ ഈ സ്ഥാപനം ഉൾപ്പെട്ട വസ്തുവിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച് ബഹു. നെടുമങ്ങാട് മുൻസിഫ് കോടതി മുമ്പാകെ ഒ.എസ്. 845/15 ആയി ഉടമസ്ഥാവകാശത്തർക്കം നിലനിൽക്കെ അതിൽ ബഹു. കോടതിയുടെ അന്തിമവിധി കാക്കുകയോ പരാതിക്കാരെ നേരിൽ കേൾക്കുകയോ ചെയ്യാതെ കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. എസ്. ജീവൻ ഉടമസ്ഥാവകാശം ശ്രീ. സുരേഷ് കുമാർ എന്നയാളുടെ പേരിൽ മാറ്റി നൽകിയതായി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും ശ്രീ. ജീവൻ എസ്.ന്റെ ഭാഗത്തുനിന്നും ഗുരുതരമായ കൃത്യവിലോപം ഉണ്ടായിട്ടുണ്ട് എന്ന് കണ്ടെത്തിയതിന്റെയും അടിസ്ഥാനത്തിൽ കാട്ടാക്കട ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായിരുന്ന ശ്രീ. ജീവൻ എസ്.നെ സേവനത്തിൽ നിന്നും സസ്പെന്റ് ചെയ്യും ശ്രീ. ജീവനെതിരെ കെ.സി.എസ്.(സിസി&എ) റൂൾസ് പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും പരാമർശം (2) പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

മേൽ ഉത്തരവിനെതിരെ ശ്രീ. ജീവൻ എസ്. ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത ഒ.എ. 2170/2018-ന്മേൽ ബഹു. ട്രിബ്യൂണൽ പരാമർശം (3) പ്രകാരം പുറപ്പെടുവിച്ച

ഉത്തരവിൽ കോടതി വിധി ലഭിച്ച് രണ്ടാഴ്ചയ്ക്കുള്ളിൽ ശ്രീ. ജീവൻ എസ്.ന്റെ സസ്പെൻഷൻ പിൻവലിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവിന്റെ വെളിച്ചത്തിൽ സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ. ജീവൻ എസ്.നെ സർവ്വീസിൽ പുനഃപ്രവേശിപ്പിച്ചും, ശ്രീ. ജീവൻ എസ്.നെ കാട്ടാക്കട ഗ്രാമപഞ്ചായത്തിൽ നിന്നും നിലവിൽ ഒഴിവുള്ള മറ്റേതെങ്കിലും വിദൂര ഗ്രാമപഞ്ചായത്തിൽ നിയമനം നൽകുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയും ഉത്തരവ് പുറപ്പെടുവിക്കുന്നു.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (3) ലെ വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ഷീബ ബി**

**ഡെപ്യൂട്ടി സെക്രട്ടറി**

പകർപ്പ്

1. ശ്രീ. ജീവൻ എസ്. മുൻ സെക്രട്ടറി, കാട്ടാക്കട ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്, കാട്ടാക്കട ഗ്രാമപഞ്ചായത്ത്, തിരുവനന്തപുരം
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി2/199/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ